## 1. പൊതു വിഷയങ്ങൾ (Corrected)

3.1 ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഒറ്റവീടുകൾ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇരട്ട വീടുകളാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ വന്നതിനുശേഷം ഇങ്ങനെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെയാണ് നടപ്പാക്കുന്നത്. പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതേ ആവശ്യം ഉന്നയിക്കുന്നുണ്ട്. ലൈഫ് ഭവന പദ്ധതിക്കായി വികസന ഫണ്ടിന്റെ (CFC ഒഴിവാക്കി ) കുറഞ്ഞത് 20 ശതമാനം മാറ്റി വയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇരട്ട വീടുകൾ ഒറ്റവീടാക്കുന്നതിന് ഓരോ കേസും പ്രത്യേകമായി പരിശോധിച്ചാണ് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകുന്നത്. ഇതിനുള്ള തുക ലൈഫ് പദ്ധതിക്ക് മാറ്റി വയ്ക്കുന്ന 20 ശതമാനത്തിനു പുറമേ കണ്ടെത്തണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിബന്ധന വയ്ക്കുന്നുണ്ട്. ഇതിന്മേൽ പൊതു നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

3.2 പല തദ്ദേശഭരണ സ്ഥാപനങ്ങളിലും 2019-20-ൽ പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ബിൽ സമർപ്പിച്ചത് ക്യൂ ബിൽ ഗണത്തിൽപ്പെട്ടവയും ഉണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ഈ ബില്ലുകളുടെ തുക BDS സംവിധാനത്തിലൂടെയും കോൺട്രാക്ടർക്ക നൽകിയിട്ടുണ്ട്. ഉദാഹരണത്തിന് എറണാകുളം ജില്ലാ പഞ്ചായത്തിൽ 36 ബില്ലുകളുടെ തുക ഇപ്രകാരം കോൺട്രാക്ടർക്ക നൽകിയിട്ടുണ്ട്. 2020-21 വാർഷിക പദ്ധതിയിൽ ഈ പ്രോജക്ടുകൾ എങ്ങനെയാണ് ഉൾപ്പെടുത്തേണ്ടതെന്ന് വ്യക്തത കുറവുണ്ട്. അതിനാൽ ഇത്തരം പ്രവൃത്തികൾ പലയിടത്തും സ്പിൽ ഓവർ ആയി ഈ വർഷം ഉൾപ്പെടുത്തിയിട്ടില്ല. സ്പിൽ ഓവർ ആയി കൊണ്ടുവന്നുവെങ്കിൽ മാത്രമേ ഈ വർഷം ഇതിന്റെ ബിൽ തുക മാറി ബാങ്കുകൾക്ക് നൽകാൻ കഴിയൂ. ഇതു സംബന്ധിച്ച തീരുമാനം.

3.3 സർക്കാരിന്റെ പന്ത്രണ്ടിന പരിപാടി വകുപ്പുതലത്തിൽ പ്രത്യേകമായി അവലോകനം ചെയ്യാനുള്ള തീരുമാനം എടുക്കാവുന്നതാണ്.

3.4 ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ്, ബത്ത, റ്റി.എ, മറ്റു സഹായം വർഷം മുഴുവൻ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ജില്ലാ പഞ്ചാത്തും ബ്ലോക്ക് പഞ്ചായത്തും ഇതിനായി വിഹിതം മാറ്റി വയ്ക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നുവെങ്കിലും മതിയായ തുക ഗ്രാമപഞ്ചായത്തിന് കൈമാറുന്നില്ല. ഭിന്നശേഷി വിഭാഗക്കാർക്ക് നൽകേണ്ട എല്ലാ ധനസഹായവും മുടക്കം കൂടാതെ നൽകാൻ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്. നഗരസഭ സ്വന്തമായി മതിയായ തുക വകയിരുത്തണം. ഓരോ ഗ്രാമപഞ്ചായത്തും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നൽകേണ്ട വിഹിതം മുകൾത്തട്ടിലേയ്ക്ക് നൽകണമെന്നും ഇതനുസരിച്ച് ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് തുക വകയിരുത്തണമെന്നും നിർദ്ദേശം നൽകാവുന്നതാണ്.

**അഡീഷണൽ അജണ്ട**

4.47 **വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.05.20 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05.05.20 ലെ 531/20(1)-ാം നമ്പർ കത്തും (SRG 856/20)**

***പ്രോജക്ട് നമ്പർ - 21/21*** ***അടങ്കൽ 19,79,000/- രൂപ (SCP)***

***പേര് - എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ***

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലായി 395 പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ടിന് കുട്ടികളുടെ ക്ഷേമത്തിനു വേണ്ടി മാറ്റി വച്ചിരിക്കുന്ന 5 ശതമാനം തുകയാണ് ഉപയോഗിച്ചിരിക്കുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള പ്രോജക്ട് ആയതിനാൽ ജില്ലാ ആസൂത്രണസമിതി ഇതിനു അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്.

ഇത് 27.05.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും ഏതൊക്കെ പഞ്ചായത്തുകളിൽ ഏതൊക്കെ സ്കൂളിലെ കുട്ടികൾക്കാണ് ഫർണിച്ചർ നൽകുന്നതെന്ന് വ്യക്തമാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. കൂടാതെ ഫർണിച്ചറുകൾ ഏതൊക്കെയാണെന്നും നിർവഹണ രീതി എങ്ങനെയാണെന്നും വ്യക്തമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്മേൽ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് സഹിതം വീണ്ടും നൽകിയിരിക്കുന്നു.

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ എരുമപ്പെട്ടി, ദേശമംഗലം, വരവൂർ, മുള്ളൂക്കര, തെക്കുംകര എന്നീ പ്രദേശങ്ങളിലെ 10-ാം ക്ലാസ്സ് മുതൽ പി.ജി. തലം വരെയുള്ള വിദ്യാർത്ഥികൾക്കാണ് ഫർണിച്ചർ നൽകുന്നത്. മേശയും കസേരയുമാണ് നൽകുന്നത്. ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ അനുവാദമുള്ള സർക്കാർ ഏജൻസികളിൽ നിന്നാണ് ഫർണിച്ചർ വാങ്ങാൻ ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.48 **ഹരിത കേരളം മിഷൻ**

**ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സന്റെ 16.07.2020-ലെ A1/336/2019/ HKM നമ്പർ കത്തും 30.09.2020-ലെ DA1/255/20/തസ്വഭവ സർക്കാർ കത്തും (SRG 857/20)**

കിണറുകളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലേയും (ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും) ഒരു ഹയർ സെക്കന്ററി സ്കൂൾ ലാബിൽ വീതം ക്രമീകരണം ചെയ്യുന്നുണ്ട്. ഹയർ സെക്കന്ററി സ്കൂളികളിൽ ഇതിനുള്ള ക്രമീകരണം ഒരുക്കുന്നത് MLASDF -ൽ നിന്നാണ്. ഈ ലാബുകളുടെ തുടർ ചെലവും ഓരോ ടെസ്റ്റിനും ചെലവാകുന്ന 200/- രൂപയും അതതു തദ്ദേശഭരണ സംവിധാനം വഹിക്കണമെന്നും അതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.